(ഐ)&(ജെ) എല്ലാ സംസ്ഥാനങ്ങളും മുഖ്യമന്ത്രിമാരുടെയും സംസ്ഥാന മന്ത്രിമാരുടേയും സമ്മേളനത്തിലെടുത്ത തീരുമാനം നടപ്പിലാക്കാൻ ബാദ്ധ്യസ്ഥരാണ്. അതനുസരിച്ച് കൂടുതൽ ആനുകൂല്യങ്ങൾ അനുവദിനീയമല്ല.

5 (315) വിലപ്നനികുതി ഏകീകരണം വഴി സംസ്ഥാനത്തിന് ലഭിച്ച നേട്ടങ്ങൾ

പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) വില്പനനികുതി ഏകീകരണം വഴി സംസ്ഥാനത്തിന് ലഭിച്ച നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതുവഴി എത്രകോടി രൂപയുടെ അധിക വരുമാനം നടപ്പ് സാമ്പത്തിക വർഷം പ്രതീക്ഷിക്കുന്നു;

(സി) നികുതി ഏകീകരണം മൂലം സംസ്ഥാന ഖജനാവിന് നഷ്ടം ഉണ്ടായിട്ടുണ്ടോ;

(ഡി) ഏതെല്ലാം സാധനങ്ങൾക്ക് എത്ര വീതം ശതമാനം നികുതി പ്രസ്തുത തീരുമാനം മൂലം കൂടുകയും കുറയുകയും ചെയ്യും എന്നതിന്റെ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) നേട്ടങ്ങളെക്കുറിച്ച് വിലയിരുത്താൻ സമയമായിട്ടില്ല.

(ബി)&(സി)) തിട്ടപ്പെടുത്തിയിട്ടില്ല.

(ഡി) വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

6 (316) പൊതുമേഖലാ ബാങ്കുകളിൽ നിന്നും ലഭിച്ച വായ്പകൾ

ശ്രീ. എഴുകോൺ നാരായണൻ :
ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. കെ. സുധാകരൻ :
ഡോ. എം.എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖലാ ബാങ്കുകൾ 1995-96, 1996-97, 1997-98, 1998-99 എന്നീ ഓരോ വർഷവും 1999-2000 ൽ ഇതുവരെയും എന്തു തുക സംസ്ഥാനത്തിനുള്ളിൽ വായ്പ നൽകിയിട്ടുണ്ട്;

(ബി) സ്വയം തൊഴിൽ കണ്ടെത്തൽ, കൃഷി, വാണിജ്യം, വ്യവസായം എന്നീ മേഖലകളിലും പി.എം.ആർ.വൈ, ജെ.ആർ.വൈ എന്നീ പദ്ധതിപ്രകാരവും മുകളിൽ പറഞ്ഞ ഓരോ വർഷവും സംസ്ഥാനത്തെ പൊതുമേഖലാ ബാങ്കുകൾ എന്തു തുകവീതം വായ്പ നൽകിയിട്ടുണ്ട്;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly